പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **5403** **28.07. 2015-** ലെ മറുപടി

## യുവാക്കൾക്ക് തൊഴിൽ വൈദഗ്ധ്യ പരിശീലന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.റ്റി.ജോർജ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.പാലോട് രവി | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ) നോർക്ക റൂട്ട്സ് യുവാക്കൾക്ക് തൊഴിൽ വൈദഗ്ധ്യ പരിശീലന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി)എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;<br><br>സി)ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | ബി & സി) വിദേശ രാജ്യങ്ങളിൽ അവിദഗ്ധ തൊഴിലാളികളുടെ ആവശ്യകത കുറഞ്ഞുവരുന്ന സാഹചര്യത്തിൽ വിദേശത്തു തൊഴിൽ തേടുന്നവർക്കായി പ്രവാസികാര്യവകുപ്പ് സ്കിൽ അപ്ഗ്രഡേഷൻ & ട്രെയിനിംഗ് പ്രോഗ്രാം എന്ന പേരിൽ ഒരു തുടർ പരിശീലന പദ്ധതി നടത്തിവരുന്നു. കേരളത്തിലെ യുവാക്കളുടെ തൊഴിൽ വൈദഗ്ധ്യം, വിദേശതൊഴിൽ വിപണിയിലെ ആവശ്യകതയ്ക്കൊത്ത് മെച്ചപ്പെടുത്തുകയെന്നതാണ് ഈ പരിശീലന പരിപാടിയുടെ ഉദ്ദേശ്യം. പദ്ധതിയുടെ ഭാഗമായി പരിശീലനാർത്ഥികൾക്ക് സാങ്കേതിക വൈദഗ്ധ്യം, ആശയവിനിമയ വൈദഗ്ധ്യം എന്നിവ ലഭ്യമാക്കുന്നു. കൂടാതെ വിദേശ രാജ്യങ്ങളിലെ നിയമനടപടികൾ, വിസ, തൊഴിൽ കരാർ, കുടിയേറ്റം എന്നിവ സംബന്ധിച്ച ബോധവത്കരണവും പരിശീലനാർത്ഥികൾക്ക് നൽകുന്നു. വിദേശ വിപണിയിൽ കൂടുതൽ ആവശ്യമുള്ള തൊഴിലുകളുമായി ബന്ധപ്പെട്ട് തെരഞ്ഞെടുത്ത ഉയർന്ന നിലവാരത്തിലുള്ള കോഴ്സുകൾ ഈ പരിശീലനപരിപാടിയിൽ |

ഉൾപ്പെടുന്നു. കേരള സർക്കാരിന്റെ വ്യാവസായിക പരിശീലന ഡയറക്ടറേറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന വ്യാവസായിക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ, മികച്ച നിലവാരം പുലർത്തുന്ന സ്വകാര്യ സ്ഥാപനങ്ങൾ, മറ്റു പൊതുമേഖല സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ചാണ് പരിശീലനാർത്ഥികൾക്ക് തൊഴിൽ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനം ലഭ്യമാക്കിയിട്ടുള്ളത്. ഈ പരിശീലനാർത്ഥികൾക്ക് സോഫ്ട്സ്കിൽ ട്രെയിനിംഗും നൽകുന്നുണ്ട്. സർക്കാർ തലത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള രണ്ടു കോടി ഇരുപതു ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ